ഉത്തരം

ഹാൻറക്സ് നടപ്പാക്കുന്ന, സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കൈത്തറി തുണികൊടുക്കുന്ന പദ്ധതിയനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥൻമാരിൽ നിന്നും സർക്കാർ അക്കൗണ്ടിലേക്ക് ഈടാക്കിയതായി അക്കൗണ്ടൻറ് ജനറലിൻെറ ബുക്കുകളിൽ രേഖപ്പെടുത്തിവന്ന കണക്കനുസരിച്ച് 30-9-1985 വരെ കൊടുത്തു തീർക്കാനുണ്ടായിരുന്ന തുക മുഴുവൻ കൊടുത്തു തീർത്തു. 1-10-1985 മുതൽ 31-3-1986 വരെ ഏകദേശം 7.20 ലക്ഷം രൂപ ഹാൻറക്സിനു കൊടുക്കുവാനുണ്ട്. ഹാൻവീവിന് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കടം കൊടുക്കുന്ന പദ്ധതിയില്ല.

കേന്ദ്ര സഹായത്തോടെ ഈവർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വൻകിട വ്യവസായങ്ങൾ

672. [938] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, കെ. മൂസ്സക്കുട്ടി :
,, കെ. പുരുഷോത്തമൻ :
,, എ. കെ. പത്മനാഭൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെൻറിൻെറ സഹായത്തോടെ ഈ വർഷം സംസ്ഥാനത്ത് വൻകിട വ്യവസായ ശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പുതിയ യൂണിറ്റുകൾ

1. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിൻെറ ഫിനോൾ അസറ്റോൺ, പ്രോഫിൻ പ്രോജക്ടുകൾ.

2. കൊച്ചിൻ റിഫൈനറീസിൻെറ ബൻസീൻ പ്രോജക്ട്

(ബി) നിലവിലുള്ളവയുടെ വികസനവും വൈവിധ്യവൽക്കരണവും

1. എച്ച്. എം. ടി., കളമശ്ശേരി
2. ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡ്, പാലക്കാട്.
3. കൊച്ചിൻ ഷിപ്പ്യാർഡ്.
4. ഇൻഡ്യൻ റെയർ വർക്സ് ലിമിറ്റഡ്, കൊല്ലം.
5. എഫ്. എ. സി. ടി. ആലുവ.
6. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്, ഏലൂർ.
7. ലാൻറർ ലാമ്മ ആൻറ് കമ്പനി, അരൂർ,
8. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ.

ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ്

673. [943] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് എന്ന വ്യവസായശാല പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly